**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** | **12-02-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വിവിധ കേന്ദ്ര/ സംസ്ഥാന പദ്ധതികൾ കൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 31/01/2024 വരെ 4,93,671 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം അനുവദിക്കുകയും3,74,508 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 1,19,163 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br><br>കൂടാതെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 32 ഭവന സമുച്ചയങ്ങളുടേയും പാർട്ണർഷിപ്പിലൂടെ 3 ഭവന സമുച്ചയങ്ങളുടേയും നിർമ്മാണം ആരംഭിച്ചു. ഇതിൽ ലൈഫ് മുഖേന നിർമ്മാണം ആരംഭിച്ചവയിൽ 4 ഭവന സമുച്ചയങ്ങളുടെയും പാർട്ണർഷിപ്പിലൂടെയുള്ളവയിൽ 2 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചു ഗുണഭോക്താക്കൾക്ക് നൽകി.<br><br>" മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിന്റെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പന്നിയോട് ശ്രീ.സുകുമാരൻ വൈദ്യർ സൗജന്യ മായി നൽകിയ 2.50 ഏക്കർ ഭൂമിയിൽ 112 ഭവനങ്ങളും 2 അംഗൻവാടികളുമുൾപ്പെടുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 24.99കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഭൂരഹിതരുടെ പുനരധിവാസ ത്തിനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുവാനും പദ്ധതിയിലൂടെ കഴിഞ്ഞു. ഇതിനു പുറമേ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2024 ജനുവരി മാസം വരെ വാഗ്ദാനം ചെയ്യപ്പെട്ട 28.636 ഏക്കർ ഭൂമിയിൽ 15.42 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. ഇപ്രകാരം ഭൂമി ആർജിച്ച് വരുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധന സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ നാല് ശതമാനത്തിൽ താഴെ മാത്രമാണ് 2024 ജനുവരി മാസം വരെ ചെലവഴിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല<br><br>ലൈഫ് മിഷന്റെ തനത് ശീർഷകങ്ങളിൽ 2023-24 വർഷം വകയിരുത്തിയിട്ടുള്ള 996.26 കോടി രൂപയിൽ നിന്നും ചെലവഴിച്ചിട്ടുള്ള 324.21 കോടി രൂപ (32.54%) ഉൾപ്പെടെ നടപ്പുസാമ്പത്തിക വർഷത്തിൽ (2023-24) 31.01.2024 വരെ ഈ പദ്ധതിയ്ക്കായിആകെ 1966.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി നൽകുന്ന തുക വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല.<br><br>ലൈഫ് ഭവന പദ്ധതിയിൽ നിലവിൽ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയും മറ്റുള്ളവർക്ക് 4 ലക്ഷം രൂപയും ഭവന നിർമ്മാണ ധനസഹായമായി നൽകുന്നുണ്ട്.കൂടാതെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി90 ദിവസത്തെ തൊഴിൽ ദിനവും കോഴിക്കൂട്, ആട്ടിൻകൂട് എന്നിങ്ങനെയുള്ള ജീവനോപാധികളും കിണർ നിർമ്മിക്കുന്നതിനുള്ള സഹായവും ലഭ്യമാക്കുന്നുണ്ട്.72000 രൂപ മാത്രം കേന്ദ്ര ധനസഹായം ലഭിക്കുന്ന പി.എം.എ.വൈ(ഗ്രാമീൺ)ലും 1,50,000 രൂപ മാത്രം കേന്ദ്ര ധനസഹായം ലഭിക്കുന്ന പി.എം.എ.വൈ(അർബൻ)ലും അതു പോലെ 4 ലക്ഷം അല്ലെങ്കിൽ 6 ലക്ഷംരൂപ ലഭിക്കുന്ന വിധം ബാക്കി തുക സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നൽകുന്നുണ്ട്.ലൈഫ് ഗുണഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങളും ലൈഫ് മിഷൻ നിർവ്വഹിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ